# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 16

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

ജനുവരി 15ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി/ഇന്റലക്ച്വൽ ഡിസെബിലിറ്റി - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ജനുവരി 20ന് നടക്കും. ബി.കോം. (മോഡൽ 1 - പാർട്ട് 3 മെയിൻ) ആനുവൽ സ്കീം സ്പെഷൽ മേഴ്സി ചാൻസ് (അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018 - റഗുലർ/പ്രൈവറ്റ്) പരീക്ഷകൾ ജനുവരി 22ന് നടക്കും. ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്സി. (2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, ഡിപ്പാർട്ട്മെന്റ്), 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷകൾ ജനുവരി 27നും നടക്കും. പരീക്ഷ സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/76/2020)

## പരീക്ഷ തീയതി

ഒന്നാം വർഷ എം.എസ്സി. മെഡിക്കൽ അനാട്ടമി (2018 അഡ്മിഷൻ റഗുലർ, 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 31 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 18 വരെയും 525 രൂപ പിഴയോടെ 20 വരെയും 1050 രൂപ സൂപ്പർഫൈനോടെ 21 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/77/2020)

## പ്രാക്ടിക്കൽ

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്., 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്., 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/78/2020)

## പരീക്ഷഫലം

2019 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/79/2020)

2019 ജൂണിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/80/2020)

2019 ഏപ്രിലിൽ നടന്ന രണ്ടാം വർഷ ബാച്ചിലർ ഓഫ് ഫാർമസി (പഴയ സ്കീം - 2016ന് മുമ്പുള്ള അഡ്മിഷൻ, പുതിയ സ്കീം - 2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/81/2020)

## എൽ.ഡി. ക്ലാർക്ക് സൗജന്യ പരീക്ഷ പരിശീലനം

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന എൽ.ഡി. ക്ലാർക്ക് പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ/39/82/2020)

## നെടുങ്കണ്ടത്ത് എം.ജി. സർവകലാശാല പ്രാദേശിക കേന്ദ്രം; ഫെബ്രുവരിയിൽ പ്രവർത്തനമാരംഭിക്കും

മഹാത്മാ ഗാന്ധി സർവകലാശാല ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസിന്റെ (ഡി.എ.എസ്.പി.) പ്രാദേശിക കേന്ദ്രം നെടുങ്കണ്ടത്ത് ആരംഭിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു. ബി.എഡ്. കേന്ദ്രത്തോട് ചേർന്ന് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിടത്തിലാണ് പ്രാദേശിക കേന്ദ്രം തുടങ്ങുക. ഇതോടനുബന്ധിച്ച് സർവകലാശാല സേവനങ്ങൾ ലഭ്യമാക്കുന്നതിന് സേവനകേന്ദ്രം ആരംഭിക്കും.

സേവനകേന്ദ്രത്തിൽ വിദ്യാർഥികൾക്ക് ഫീസടയ്ക്കാനും അപേക്ഷകൾ നൽകാനും സൗകര്യമൊരുക്കുന്നതിനൊപ്പം സർവകലാശാല വിവരങ്ങളും അറിയിപ്പുകളും ലഭ്യമാക്കും. ഡി.എ.എസ്.പി. പ്രാദേശിക കേന്ദ്രത്തിൽ ഫോറെക്സ് മാനേജ്മെന്റിൽ പി.ജി. സർട്ടിഫിക്കറ്റ് കോഴ്സും എന്റർപ്രണർഷിപ്പ് മാനേജ്മെന്റ്, ഇവന്റ് മാനേജ്മെന്റ്, സൈബർ നിയമം, ഫിലിം-കൾച്ചർ-സൊസൈറ്റി, വാട്ടർ ഹാർവെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തും. ഫെബ്രുവരി 22ന് ഉദ്ഘാടനം നടക്കും.

ജൂലൈയോടെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡേറ്റാ ബിസിനസ് അനലെറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയിൽ പി.ജി. ഡിപ്ലോമ കോഴ്സുകളും കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ടാക്സേഷനിൽ ഡിപ്ലോമ കോഴ്സും ബിസിനസ് ഡേറ്റാ അനാലിസിസ് (ടാലി, എം.എസ്. എക്സൽ) സർട്ടിഫിക്കറ്റ് കോഴ്സും ആരംഭിക്കും.

(പി.ആർ.ഒ/39/83/2020)

## ചരിത്ര ബോധനശാസ്ത്രം; അധ്യാപകർക്കായി റസിഡൻഷ്യൽ ശില്പശാല 19 മുതൽ

കേരള ചരിത്ര കോൺഗ്രസും മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി കോളേജ്/സർവകലാശാല അധ്യാപകർക്കായി ചരിത്ര ബോധന ശാസ്ത്രത്തിൽ സംഘടിപ്പിക്കുന്ന ആറുദിവസത്തെ റസിഡൻഷ്യൽ ശില്പശാല ജനുവരി 19 മുതൽ 24 വരെ എം.ജി.യിൽ നടക്കും.

പ്രൊഫ. രാജൻ ഗുരുക്കൾ, പ്രൊഫ. കേശവൻ വെളുത്താട്ട്, പ്രൊഫ. കെ.എം. ഗണേശ്, പ്രൊഫ. സനൽ മോഹൻ, പ്രൊഫ. ജെ. ദേവിക, പ്രൊഫ. പയസ് മാലേകണ്ടത്തിൽ, പ്രൊഫ. ഇന്ദീവർ കാംതേകർ, ഡോ. ദീപ്കാന്ത ലാഹിരി, ഡോ. വി. ശെൽവകുമാർ, ഡോ. നന്ദിത ബാനർജി, ഡോ. അബ്ദുൾ റസാഖ്, ഡോ. കെ.എസ്. മാധവൻ, ഡോ. സെബാസ്റ്റ്യൻ ജോസഫ് എന്നിവർ പങ്കെടുക്കും. 30 പേർക്കാണ് പ്രവേശനം.

താല്പര്യമുള്ളവർ ജനുവരി 18നകം sasi.manjusha3@gmail.com എന്ന ഇമെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. 5000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

(പി.ആർ.ഒ/39/84/2020)

## എം.ജി.യിൽ ജീവനക്കാർ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു

സംസ്ഥാന സർക്കാരിന്റെ 'നാളത്തെ കേരളം ലഹരിവിമുക്ത നവകേരളം' തീവ്രയജ്ഞ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല ജീവനക്കാർ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. സർവകലാശാല ഭരണവിഭാഗം ചത്വരത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന കെ. കോമളവല്ലി, ഫിനാൻസ് ഓഫീസർ വത്സമ്മ കരുണാകരൻ, പി.ആർ.ഒ. എ. അരുൺ കുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**സംസ്ഥാന സർക്കാരിന്റെ 'നാളത്തെ കേരളം ലഹരിവിമുക്ത നവകേരളം' തീവ്രയജ്ഞ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിൽ ജീവനക്കാർ ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുന്നു**

(പി.ആർ.ഒ/39/85/2020)

## അധ്യാപക പോർട്ടലിൽ വിവരങ്ങൾ നൽകണം

മഹാത്മാ ഗാന്ധി സർവകലാശാല ടീച്ചേഴ്സ് പോർട്ടൽ ജനുവരി 31 വരെ തുറക്കും. കോളേജുകളിൽ നിന്ന് അധ്യാപകരുടെ വിവരങ്ങൾ പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനായാണ് സൗകര്യമൊരുക്കിയിട്ടുള്ളത്.

(പി.ആർ.ഒ/39/86/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനവരി 16

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

ജനവരി 15ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി/ഇന്റലക്ച്വൽ ഡിസെബിലിറ്റി - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ജനവരി 20ന് നടക്കും. ബി.കോം. (മോഡൽ 1 - പാർട്ട് 3 മെയിൻ) ആനവൽ സ്കീം സ്പെഷൽ മേഴ്സി ചാൻസ് (അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018 - റഗുലർ/പ്രൈവറ്റ്) പരീക്ഷകൾ ജനവരി 22ന് നടക്കും. ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. (2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളജുകൾ, ഡിപ്പാർട്ട്മെന്റ്), 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷകൾ ജനവരി 27നും നടക്കും. പരീക്ഷ സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/76/2020)

## പരീക്ഷ തീയതി

ഒന്നാം വർഷ എം.എസ്‌സി. മെഡിക്കൽ അനാട്ടമി (2018 അഡ്മിഷൻ റഗുലർ, 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 31 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനവരി 18 വരെയും 525 രൂപ പിഴയോടെ 20 വരെയും 1050 രൂപ സൂപ്പർഫൈനോടെ 21 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/77/2020)

## പ്രാക്ടിക്കൽ

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്., 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്., 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജനവരി 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/78/2020)

## പരീക്ഷഫലം

2019 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/79/2020)

2019 ജൂണിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/80/2020)

2019 ഏപ്രിലിൽ നടന്ന രണ്ടാം വർഷ ബാച്ചിലർ ഓഫ് ഫാർമസി (പഴയ സ്കീം - 2016ന് മുമ്പുള്ള അഡ്മിഷൻ, പുതിയ സ്കീം - 2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/81/2020)

## എൽ.ഡി. ക്ലാർക്ക് സൗജന്യ പരീക്ഷ പരിശീലനം

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന എൽ.ഡി. ക്ലാർക്ക് പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ/39/82/2020)

## നെടുങ്കണ്ടത്ത് എം.ജി. സർവകലാശാല പ്രാദേശിക കേന്ദ്രം; ഫെബ്രുവരിയിൽ പ്രവർത്തനമാരംഭിക്കും

മഹാത്മാ ഗാന്ധി സർവകലാശാല ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസിന്റെ (ഡി.എ.എസ്.പി.) പ്രാദേശിക കേന്ദ്രം നെടുങ്കണ്ടത്ത് ആരംഭിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു. ബി.എഡ്. കേന്ദ്രത്തോട് ചേർന്ന് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിടത്തിലാണ് പ്രാദേശിക കേന്ദ്രം തുടങ്ങുക. ഇതോടനുബന്ധിച്ച് സർവകലാശാല സേവനങ്ങൾ ലഭ്യമാക്കുന്നതിന് സേവനകേന്ദ്രം ആരംഭിക്കും.

സേവനകേന്ദ്രത്തിൽ വിദ്യാർഥികൾക്ക് ഫീസടയ്ക്കാനും അപേക്ഷകൾ നൽകാനും സൗകര്യമൊരുക്കുന്നതിനൊപ്പം സർവകലാശാല വിവരങ്ങളും അറിയിപ്പുകളും ലഭ്യമാക്കും. ഡി.എ.എസ്.പി. പ്രാദേശിക കേന്ദ്രത്തിൽ ഫോറെക്സ് മാനേജ്മെന്റിൽ പി.ജി. സർട്ടിഫിക്കറ്റ് കോഴ്സും എന്റർപ്രണർഷിപ്പ് മാനേജ്മെന്റ്, ഇവന്റ് മാനേജ്മെന്റ്, സൈബർ നിയമം, ഫിലിം-കൾച്ചർ-സൊസൈറ്റി, വാട്ടർ ഹാർവെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തും. ഫെബ്രുവരി 22ന് ഉദ്ഘാടനം നടക്കും.

ജൂലൈയോടെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡേറ്റാ ബിസിനസ് അനലെറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയിൽ പി.ജി. ഡിപ്ലോമ കോഴ്സുകളും കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ടാക്സേഷനിൽ ഡിപ്ലോമ കോഴ്സും ബിസിനസ് ഡേറ്റാ അനാലിസിസ് (ടാലി, എം.എസ്. എക്സൽ) സർട്ടിഫിക്കറ്റ് കോഴ്സും ആരംഭിക്കും.

(പി.ആർ.ഒ/39/83/2020)

## ചരിത്ര ബോധനശാസ്ത്രം; അധ്യാപകർക്കായി റസിഡൻഷ്യൽ ശില്പശാല 19 മുതൽ

കേരള ചരിത്ര കോൺഗ്രസും മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി കോളേജ്/സർവകലാശാല അധ്യാപകർക്കായി ചരിത്ര ബോധന ശാസ്ത്രത്തിൽ സംഘടിപ്പിക്കുന്ന ആറുദിവസത്തെ റസിഡൻഷ്യൽ ശില്പശാല ജനുവരി 19 മുതൽ 24 വരെ എം.ജി.യിൽ നടക്കും.

പ്രൊഫ. രാജൻ ഗുരുക്കൾ, പ്രൊഫ. കേശവൻ വെളുത്താട്ട്, പ്രൊഫ. കെ.എം. ഗണേശ്, പ്രൊഫ. സനൽ മോഹൻ, പ്രൊഫ. ജെ. ദേവിക, പ്രൊഫ. പയസ് മാലേകണ്ടത്തിൽ, പ്രൊഫ. ഇന്ദീവർ കാംതേകർ, ഡോ. ദീപ്കാന്ത ലാഹിരി, ഡോ. വി. ശെൽവകുമാർ, ഡോ. നന്ദിത ബാനർജി, ഡോ. അബ്ദുൾ റസാഖ്, ഡോ. കെ.എസ്. മാധവൻ, ഡോ. സെബാസ്റ്റ്യൻ ജോസഫ് എന്നിവർ പങ്കെടുക്കും. 30 പേർക്കാണ് പ്രവേശനം.

താല്പര്യമുള്ളവർ ജനുവരി 18നകം sasi.manjusha3@gmail.com എന്ന ഇമെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. 5000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

(പി.ആർ.ഒ/39/84/2020)

## എം.ജി.യിൽ ജീവനക്കാർ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു

സംസ്ഥാന സർക്കാരിന്റെ 'നാളത്തെ കേരളം ലഹരിവിമുക്ത നവകേരളം' തീവ്രയജ്ഞ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല ജീവനക്കാർ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. സർവകലാശാല ഭരണവിഭാഗം ചത്വരത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന കെ. കോമളവല്ലി, ഫിനാൻസ് ഓഫീസർ വത്സമ്മ കരുണാകരൻ, പി.ആർ.ഒ. എ. അരുൺ കുമാർ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**സംസ്ഥാന സർക്കാരിന്റെ 'നാളത്തെ കേരളം ലഹരിവിമുക്ത നവകേരളം' തീവ്രയജ്ഞ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിൽ ജീവനക്കാർ ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുന്നു**

(പി.ആർ.ഒ/39/85/2020)

## അധ്യാപക പോർട്ടലിൽ വിവരങ്ങൾ നൽകണം

മഹാത്മാ ഗാന്ധി സർവകലാശാല ടീച്ചേഴ്സ് പോർട്ടൽ ജനുവരി 31 വരെ തുറക്കും. കോളേജുകളിൽ നിന്ന് അധ്യാപകരുടെ വിവരങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനായാണ് സൗകര്യമൊരുക്കിയിട്ടുള്ളത്.

(പി.ആർ.ഒ/39/86/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ